**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

**എം.ബി.എ പ്രോഗ്രാം - പരിഷ്കരിച്ച സിലബസിലെ (2017 അഡ്മിഷൻ) പ്രവേശന യോഗ്യത മാനദണ്ഡങ്ങൾ 2018 അഡ്മിഷൻ മുതൽ മാത്രം നടപ്പിലാക്കുന്നത് - അംഗീകരിച്ചു - ഉത്തരവാകുന്നു.**

================================================================================================

**അക്കാദമിക് എ4 വിഭാഗം**

സ.ഉ.നം. 6088/എIV/2/2017/അക്കാദമിക്.പി.ഡി. ഹിൽസ്, തീയതി: 13/10/2017

================================================================================================

വായിക്കുക:-

1. 22/05/2017-ാം തീയതിയിലെ Ac.AVIII/01/9906/2014-ാം നമ്പർ സർവ്വകലാശാല വിജ്ഞാപനം.
2. 25/07/2017-ാം തീയതിയിലെ4550/എIV/2/2017/അക്കാദമിക്-ാം നമ്പർ സർവ്വകലാശാല ഉത്തരവ്.

**<u>ഉത്തരവ്</u>**

മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം എം.ബി.എ കോഴ്സിന്റെ 2017 അഡ്മിഷൻ ബാച്ചിലേക്കുള്ള (അഫിലിയേറ്റഡ് കോളേജുകൾ) പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചു.

എന്നാൽ മേൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം എം.ബി.എ കോഴ്സിന്റെ പുതുക്കിയ റെഗുലേഷനും സ്കീമും സിലബസും അംഗീകരിക്കുകയും ആയത് 2017 അഡ്മിഷൻ മുതൽ നടപ്പാക്കുകയും ചെയ്തു.

പരിഷ്കരിച്ച സിലബസ് നിലവിൽ വരുന്നതിനു മുന്നേ തന്നെ പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള പ്രവേശന മാനദണ്ഡങ്ങൾ ഉൾപ്പെടുത്താൻ സാധിച്ചില്ല. ഈ കാര്യങ്ങൾ വൈസ് ചാൻസിലർ വിശദമായി പരിശോധിക്കുകയും എം.ബി.എ കോഴ്സിലേക്കുള്ള 2017 അഡ്മിഷൻ നടപടികൾ പൂർത്തിയായതിനാൽ മേൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം ഇറങ്ങിയ നോട്ടിഫിക്കേഷനിലെ പ്രവേശന നിബന്ധനകൾ നിലനിർത്തി, മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം പരിഷ്കരിച്ച എം.ബി.എ സിലബസിലെ പ്രവേശന യോഗ്യതാ മാനദണ്ഡങ്ങൾ 2018 അഡ്മിഷൻ മുതൽ മാത്രം പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം (3), 10(17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ ഉത്തരവായി.

അതനുസരിച്ച് മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് മേൽ വിവരിച്ച പ്രകാരം ഭാഗീകമായി ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-

**ശ്രീരാജ് ആർ.**

**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**

**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ മാനേജ്മെന്റ് (പി.ജി)
4. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/പരീക്ഷ)
5. എസി.എൽ സെക്ഷനുകൾ
6. ഇ.ഐ.VII/XXXIII/XXXV സെക്ഷനുകൾ
7. എസി.എ8/കണ്ടന്റ് മാനേജ്മെന്റ്/പിആർഒ/ഇൻഫർമേഷൻ സെന്ററുകൾ
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ